RNI No. 19960/70
Registered KL/IJK/12/2016-2018
Date of Publication 01.01. 2018

കേരളസഭ

സഭയുടെ മുഖം സത്യത്തിന്റെ സ്വരം

ജനുവരി 2018

സ്ഥാപിതം 1970 | www. keralasabha.net | E-mail: keralasabhaijk@gmail.com | ഇരിങ്ങാലക്കുട രൂപത പ്രസിദ്ധീകരണം | പുസ്തകം 49 | ലക്കം 1 | പേജ് 20 | വില ₹ 5.00

നഷ്ടപ്പെട്ട കാർഷിക സംസ്കാരം തിരിച്ചുപിടിക്കുക: മന്ത്രി സുനിൽ കുമാർ

ആളൂർ ബി.എൽ.എം. സെന്ററിൽ നടന്ന കേരളസഭ കുടുംബ സംഗമത്തിൽ മന്ത്രി വി. എസ്. സുനിൽകുമാർ കേരളസഭാതാരം അവാർഡ് പ്രഫ. ജോർജ് മേനാച്ചേരിക്ക് നൽകുന്നു. മാർ പോളി കണ്ണൂക്കാടൻ, മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ തുടങ്ങിയവർ സമീപം

• 'കേരളസഭ' കുടുംബ സംഗമത്തിൽ മന്ത്രി അവാർഡുകൾ നൽകി

ആളൂർ : കാർഷിക സംസ്കാരം നഷ്ടപ്പെട്ടതാണ് സമൂഹത്തിൽ സ്വാർത്ഥത വളരാൻ കാരണമെന്നും സ്നേഹവും സഹിഷ്ണുതയും വർധിക്കാൻ ഈ സംസ്കാരം തിരിച്ചെത്തേണമെന്നും കൃഷിമന്ത്രി വി. എസ്. സുനിൽ കുമാർ പറഞ്ഞു. സ്വന്തം കാര്യത്തിൽ മാത്രം താൽപര്യമുള്ളവർ സമൂഹത്തിൽ കൂടിവരുന്നത് ഉപഭോഗ സംസ്കാരത്തിന്റെയും കച്ചവടതാൽപര്യങ്ങളുടെയും അതിരുകവിഞ്ഞ സ്വാധീനമാണെന്നും അദ്ദേഹം പറഞ്ഞു.

ഇരിങ്ങാലക്കുട രൂപതയുടെ 'കേരളസഭാതാരം', 'സേവനപുരസ്കാരം' അവാർഡുകൾ പ്രഫ. ജോർജ് മേനാച്ചേരി, ജോൺസൻ ആലപ്പാട്ട്, ജോളി ജോസഫ് എന്നിവർക്ക് സമ്മാനിക്കുകയായിരുന്നു മന്ത്രി.

എല്ലാ സംസ്കാരങ്ങളുടെയും ഉൽഭവം കൃഷി അടിസ്ഥാനമാക്കിയ ജനജീവിതങ്ങളിൽ നിന്നാണ്. കുടുംബവും സമൂഹങ്ങളും വളർന്നുവന്നത് പരസ്പരസഹകരണത്തിന്റെയും സൗഹൃദത്തിന്റെയും കാർഷിക സമൂഹങ്ങളിൽ നിന്നാണ്. ഇന്ന് മതങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും ജനജീവിതത്തിൽ തിരിച്ചുകൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടത് നന്മയുടേയും സ്നേഹത്തിന്റേയും ആധാരമായ കാർഷിക സംസ്കാരമാണെന്നും മന്ത്രി സുനിൽകുമാർ ഓർമ്മിപ്പിച്ചു. ഇതുണ്ടെങ്കിൽ വർഗ്ഗീയതയുടെയും കപടദേശാഭിമാനത്തിന്റെയും മതമൗലികവാദത്തിന്റെയും പേരിൽ സമൂഹത്തിൽ അസ്വസ്ഥതകളുണ്ടാവില്ലെന്നും അദ്ദേഹം പറഞ്ഞു.

അവാർഡ്ദാനവും കുടുംബസംഗമവും ഫോസ്യൂർ ബിഷപ് മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷത വഹിച്ചു. 'കേരളസഭ ' കുടുംബസംഗമത്തിന്റെ ഭാഗമായുള്ള ക്രിസ്തുമസ് ആഘോഷം മാർ പോളി കണ്ണൂക്കാടനും മന്ത്രി വി. എസ്. സുനിൽ കുമാറും ചേർന്ന് കേക്ക് മുറിച്ചു ഉദ്ഘാടനം ചെയ്തു.ഓഖി ചുഴലിക്കാറ്റിൽ ദുരിതം നേരിട്ടവർക്കായി കേരള മെത്രാൻ സമിതി സ്വരൂപിക്കുന്ന ഫണ്ടിലേയ്ക്കുള്ള 'കേരളസഭ'യുടെ വിഹിതം മാനേജിംഗ് എഡിറ്റർ ഫാ. വിൽസൻ ഈരത്തറ, മാർ പോളി കണ്ണൂക്കാടന് കൈമാറി.രൂപതയിലെ 134 ഇടവകകളിൽ നിന്നുള്ള ആയിരത്തോളം പേർ സംഗമത്തിൽ പങ്കെടുത്തു.

ഓഖി : കണ്ണീരൊപ്പിയത് സഭ

വിമർശകരായി രാഷ്ട്രീയക്കാരും മാധ്യമങ്ങളും

സ്വന്തം ലേഖകൻ

ദുരന്തബാധിതരെ സഹായിക്കുന്നതിൽ പരാജയപ്പെട്ട രാഷ്ട്രീയ നേതൃത്വങ്ങളും ദുരന്തത്തെ ആഘോഷമാക്കി വിറ്റുകാശാക്കിയ മാധ്യമങ്ങളും ക്രൈസ്തവ സഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ നിന്ദിക്കുകയായിരുന്നു.

ഇരിങ്ങാലക്കുട : നവംബർ 29,30 തിയതികളിൽ തിരുവനന്തപുരം ജില്ലയുടെ കടലോരപ്രദേശങ്ങളിൽ ദുരന്തം വിതച്ച ഓഖി ചുഴലിക്കാറ്റിൽ ആരാണ് യഥാർഥ പ്രതികൾ ? ആരാണ് ദുരന്ത ഭൂമിയിൽ ആശ്വാസം പകർന്നത്?

ദുരന്തത്തെപ്പറ്റി മുൻകൂർ അറിവുലഭിച്ചിട്ടും തക്കസമയത്ത് മൽസ്യതൊഴിലാളികളെയും കടലോര നിവാസികളെയും അറിയിക്കുന്നതിൽ അലംഭാവം കാണിച്ച സംസ്ഥാന സർക്കാർ തന്നെ ഒന്നാം പ്രതി.

ദുരന്തഭൂമിയിൽ ആളും അർഥവും നൽകി ആയിരങ്ങളുടെ കണ്ണീരൊപ്പാൻ രാപ്പകലെന്യെ അധ്വാനിച്ചു കൊണ്ടിരുന്ന ക്രൈസ്തവസഭാ സമൂഹത്തെയും വൈദികരെയും സന്യസ്തരെയും അവർക്ക് മാർഗനിർദ്ദേശം നൽകികൊണ്ടിരുന്ന മെത്രാന്മാരെയും അധിക്ഷേപിക്കുകയും അവഹേളിക്കുകയും പ്രശ്നത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചു സഭാതലത്തിൽ ഭിന്നിപ്പുണ്ടാക്കുന്നതിൽ മാത്രം ശ്രദ്ധിച്ച ഒരു വിഭാഗം ദൃശ്യമാധ്യമങ്ങളാണ് രണ്ടാം പ്രതി.

ഇതൊരു പതിവു ഗൂഢാലോചനയുടെ ഏറ്റവുമൊടുവിലത്തെ പ്രകടനമായാണ് ക്രൈസ്തവസമൂഹം വിലയിരുത്തുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും ദുരിതാശ്വാസം എത്തിക്കുന്നതിലും കടലിൽ കുടുങ്ങിയവരെ രക്ഷിക്കുന്നതിലും കുറ്റകരമായ അനാസ്ഥയാണ് ആദ്യമണിക്കൂറുകൾ മുതൽ തന്നെ സംസ്ഥാന സർക്കാർ കാണിച്ചതെന്ന് വ്യക്തമാണ്. 1. മണിക്കൂറുകൾക്കകം വരാൻ പോകുന്ന മാരകമായ ചുഴലിക്കാറ്റിനെപ്പറ്റി മുൻകൂർ വിവരം ലഭിച്ചിട്ടും സർക്കാർ സംവിധാനം ആ വിവരം ജനങ്ങളെ അറിയിക്കുന്നതിൽ പരാജയപ്പെട്ടു. 2. ദുരന്തത്തിൽപ്പെട്ടവർ എത്രയെന്നോ എത്ര മൽസ്യത്തൊഴിലാളികൾ മരിച്ചെന്നോ ഒരു വിവരവുമില്ലാത്ത ആദ്യദിനം മുതൽ സർക്കാർ ഇരുട്ടിൽ തപ്പി. 3. കാണാതായവരുടെ എണ്ണത്തെപറ്റി ഒരു വിവരവുമില്ലാതിരുന്ന സർക്കാർ, ദുരന്തം നേരിട്ട പൂന്തുറ, വിഴിഞ്ഞം ഇടവകയിലെ വികാരിമാരും അൽമായ നേതാക്കളും വീടുകൾ തോറും കയറിയിറങ്ങി ശേഖരിച്ച കാണാതായവരെപ്പറ്റിയുള്ള കണക്കുകൾ പുച്ഛിച്ചുതള്ളി. 4. ദുരന്തത്തിന്റെ വ്യാപ്തിയെപറ്റി തക്കസമയത്ത് കേന്ദ്ര സർക്കാരിനെ അറിയിച്ചില്ല. 5. കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള ഏജൻസിയുടെ സഹായം വേണ്ട സമയത്ത്, വേണ്ട തോതിൽ, വേണ്ട അടിയന്തര സഹായത്തോടെ ലഭ്യമാക്കിയില്ല. 6. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം ആവശ്യത്തിലേറെ പൊലിപ്പിച്ചു കാണിക്കുകയാണെന്ന് ആദ്യദിവസങ്ങളിൽ മുഖ്യമന്ത്രിയും മേഴ്സിക്കുട്ടിയമ്മ തുടങ്ങിയ മന്ത്രിമാരും നിരുത്തരവാദപരമായ പ്രസ്താവനകൾ ഇറക്കിയത് രക്ഷാപ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചു.

ഇതേ സമയം, ദുരന്തവാർത്ത കേട്ട നിമിഷം മുതൽ വിഴിഞ്ഞം, പൂന്തുറ മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നിന്നു ഉയർന്ന ആർത്തനാദം ഹൃദയത്തിൽ ഏറ്റെടുത്ത് കേരളത്തിലെ കത്തോലിക്കാസഭ ഒന്നടങ്കം നിസ്സഹായരായ ജനങ്ങളോടൊപ്പം നിലയുറപ്പിക്കുന്നതാണ് കണ്ടത്. തങ്ങളുടെ കാണാതായ പ്രിയപ്പെട്ടവരെ കണ്ടെത്തുവാനും അവർക്കുവേണ്ടി തിരച്ചിൽ നടത്താനും വൈദികരുടെ നേതൃത്വത്തിൽ പൂന്തുറ, വിഴിഞ്ഞം ദേശവാസികളാണ് മുന്നിട്ടിറങ്ങിയത്.

കേരള കത്തോലിക്കാസഭയിലെ മൂന്നു റീത്തിലുംപെട്ട വിവിധ രൂപതകളിൽ നിന്നു ദുരന്ത ഭൂമിയിലേക്ക് സാമ്പത്തികസഹായവും വസ്ത്രങ്ങളും മരുന്നും നിത്യോപയോഗ സാധനങ്ങളും ഒഴുകുകയായിരുന്നു.

പൂന്തുറ പള്ളിയങ്കണത്തിലെ താൽക്കാലിക പന്തലിലായിരുന്നു ആ ദിവസങ്ങളിൽ നൂറുകണക്കിന് മൽസ്യത്തൊഴിലാളികൾ തമ്പടിച്ചത്. അവർക്ക് കയറിക്കിടക്കാനും ഭക്ഷണം നൽകാനും വസ്ത്രങ്ങൾ നൽകാനുമൊക്കെ പള്ളികളും പള്ളിസ്ഥാപനങ്ങളും ക്രൈസ്തവകുടുംബങ്ങളുമാണ് സ്ഥലമൊരുക്കിയത്.

അലറിമറിയുന്ന കടൽതീരത്ത് പ്രിയപ്പെട്ടവരുടെ വരവുകാത്ത് ഭക്ഷണം പോലും ഉപേക്ഷിച്ചു കരഞ്ഞുകലങ്ങിയ കണ്ണുകളോടെ കാത്തിരുന്ന അമ്മമാരുടെയുംസ്ത്രീകളുടെയും കുട്ടികളുടെയും സമീപത്ത് കേരളത്തിലെ കത്തോലിക്കാ വിശ്വാസി സമൂഹത്തിന്റെ നൂറുകണക്കിനു പ്രതിനിധികളുണ്ടായിരുന്നു.

കേരളത്തിലെ ആറായിരത്തോളം ഇടവകകളിൽ നിന്നുള്ള വിശ്വാസികളുടെ സംഭാവനകൾ കേരള മെത്രാൻ സമിതി സമാഹരിച്ചു നൽകി; ഒരു ദിവസം പ്രാർഥനാദിനമായി ആചരിച്ചു.

തീരമേഖലയിൽ സർക്കാർ പരാജയപ്പെട്ടപ്പോൾ, ആയിരങ്ങളുടെ നോവും നൊമ്പരവും കണ്ണീരും ആശങ്കകളും കത്തോലിക്കാസഭാ സമൂഹം ഏറ്റെടുത്തു. അതിന്റെ ശക്തമായ പ്രകടനമായിരുന്നു ആയിരങ്ങൾ പങ്കെടുത്ത രാജ്ഭവൻ മാർച്ച്. അത് വേദനയനുഭവിക്കുന്ന ഒരു ജനതയുടെ മുഴുവൻ വിലാപസ്വരമായിരുന്നു.

ക്രിസ്മസ് ആഘോഷത്തിനിടെ അറസ്റ്റിലായ വൈദികരും വൈദിക വിദ്യാർത്ഥികളും.

മറ്റൊരു കറുത്ത ദിനം കൂടി — സത്ന

സ്വന്തം ലേഖകൻ

ഇരിങ്ങാലക്കുട : ഇന്ത്യയിലെ ഏറ്റവും വർഗീയ വിഷഭൂമിയെന്നു വിശേഷിപ്പിക്കപ്പെടുന്ന മധ്യപ്രദേശിലെ സത്ന സെന്റ് എഫ്രേംസ് സെമിനാരിയിലെ വൈദികരെയും വൈദിക വിദ്യാർഥികളെയും കരോൾ ഗാനം ആലപിക്കുന്നതിനിടെ ഹിന്ദു വർഗീയ സംഘടനകൾ ക്രൂരമായി മർദിക്കുകയും അറസ്റ്റ് ചെയ്യുകയും അന്വേഷിച്ചെത്തിയ വൈദികരുടെ കാർ കത്തിക്കുകയും ചെയ്തതിൽ കേരളത്തിലും കേരളത്തിനു പുറത്തുള്ള വിവിധ രൂപതകളിലും കടുത്ത പ്രതിഷേധം.

സത്ന സീറോ മലബാർ രൂപതയുടെ സെന്റ് എഫ്രേംസ് സെമിനാരിയിലെ വൈദികരും വിദ്യാർഥികളും കഴിഞ്ഞ 30 വർഷത്തോളമായി പലവിധ സന്നദ്ധസേവനം നടത്തുന്ന സ്ഥലമാണ് ബുംകാർ ഗ്രാമം. സെമിനാരിയിൽ നിന്ന് 12 കിലോമീറ്റർ അകലെയുള്ള ഈ ഗ്രാമത്തിൽ ഡിസംബർ 14 വ്യാഴാഴ്ച വൈകുന്നേരം സ്കൂൾ അങ്കണത്തിൽ പ്രദേശവാസികൾക്കായി ക്രിസ്മസ് ആഘോഷം നടക്കുമ്പോൾ 10 ബജ്രംഗ്ദൾ പ്രവർത്തകർ സ്ഥലത്തെത്തി സംഘർഷം സൃഷ്ടിക്കുകയായിരുന്നു. സെമിനാരി വൈസ് റെക്ടർ ഫാ. അലക്സ് പണ്ടാരക്കാപ്പിൽ, ഫാ. ജോർജ് മംഗലപ്പിള്ളി എന്നിവരുടെ നേതൃത്വത്തിൽ 32 ദൈവശാസ്ത്ര വിദ്യാർഥികളാണ് ക്രിസ്മസ് ഗാനങ്ങളും മറ്റു കലാപരിപാടികളും ഒരുക്കിയിരുന്നത്.

മതപരിവർത്തനം നടത്തുന്നുവെന്ന പരാതിയുമായി പൊലീസിനെ കൂട്ടിയാണ് അവർ വന്നത്. വൈദികരെയും വിദ്യാർഥികളെയും ആദ്യം വേദിയിലേക്ക് കയറ്റിനിർത്തി. തുടർന്ന് പൊലീസ് വാഹനത്തിൽ കയറ്റി പൊലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.

അഞ്ചു ബൈക്കുകളിലായി 10 ബജ്രംഗ്ദൾ പ്രവർത്തകർ വാഹനത്തെ അനുഗമിച്ച് പൊലീസ് സ്റ്റേഷനിലെത്തി.

സംഭവമറിഞ്ഞ് ബിഷപ്സ് ഹൗസിൽ നിന്നു ക്ലാരീഷ്യൻ സഭാംഗം ഫാ. ജോർജ് പേട്ടയിലും മറ്റുവൈദികരുമെത്തി. അവരുടെ കാർ ജനക്കൂട്ടം പെട്രോളൊഴിച്ചു കത്തിച്ചു.

ഫാ. മാർട്ടിൻ പൈനാടത്തിനെ സ്റ്റേഷനിൽ വച്ചു പ്രവർത്തകർ മർദിച്ചു. സെമിനാരി റെക്ടർ ഫാ.ജോസഫ് ഒറ്റപ്ലായ്ക്കൽ ഉൾപ്പെടെയുള്ള എല്ലാ വൈദികരെയും വിദ്യാർഥികളെയും ആ രാത്രി മുഴുവൻ പൊലീസ് സ്റ്റേഷനിൽ തടഞ്ഞു വച്ചു. രാവിലെ പൊലീസ് സൂപ്രണ്ടിനു മുന്നിൽ ഹാജരാകണമെന്ന നിർദേശത്തോടെ പുലർച്ചെ മൂന്നിനു വിട്ടയച്ചു.

വാർത്ത പ്രചരിച്ചതോടെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും വൻ പ്രതിഷേധമുയർന്നു. മതനിരപേക്ഷതയ്ക്കും മതമൈത്രിക്കും എതിരായ ഫാസിസ്റ്റ് നടപടിയാണ് ഹിന്ദുവർഗീയ ശക്തികൾ നടത്തിയതെന്നും ഇതു ഇന്ത്യയുടെ പ്രതിച്ഛായ തകർക്കുന്നതാണെന്നും വ്യാപകമായ പരാതി പ്രവാഹമുണ്ടായി.

ഓഖി ദുരിതാശ്വാസ നിധിയിലേക്ക് ഇരിങ്ങാലക്കുട രൂപതയുടെ 10 ലക്ഷം

ഇരിങ്ങാലക്കുട : ഓഖി ദുരിതബാധിതരെ സഹായിക്കുന്നതിനായി കെസിബിസിയുടെ നേതൃത്വത്തിൽ സമാഹരിക്കുന്ന ദുരിതാശ്വാസ ഫണ്ടിലേക്ക് ഇരിങ്ങാലക്കുട രൂപത പത്ത് ലക്ഷം രൂപ നല്കി.

രൂപതയിലെ സ്ഥാപനങ്ങളിൽ നിന്നും പള്ളികളിൽ നിന്നും ഭവനങ്ങളിൽ നിന്നുമായി സമാഹരിച്ച ഈ തുക മാർ പോളി കണ്ണൂക്കാടൻ, രൂപത സോഷ്യൽ ആക്ഷൻ പ്രസിഡന്റ് മോൺ. ആന്റോ തച്ചിലിനു കൈമാറി.

സഹകരിച്ച എല്ലാവർക്കും അദ്ദേഹം നന്ദി പറഞ്ഞു.

ഇരിങ്ങാലക്കുട കത്തീഡ്രലിൽ നടന്ന സമ്മേളനത്തിൽ മോൺ. ലാസർ കുറ്റിക്കാടൻ, കത്തീഡ്രൽ വികാരി ഫാ. ആന്റു ആലപ്പാടൻ, ഫാ. നെവിൻ ആട്ടോക്കാരൻ, ഫാ. വർഗീസ് അരിക്കാട്ട്, റിൻസൻ മണവാളവൻ, എഡ്വിൻ കുറ്റിക്കാടൻ, ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ബിനോയ് സി പോൾ, കത്തീഡ്രൽ കൈക്കാരന്മാർ, സോഷ്യൽ ആക്ഷൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.